പ്രോഗ്രാം എന്നിവയും പച്ചക്കറി ഉൽപ്പാദനത്തിൽ പങ്കെടുക്കുന്നു. കൂടാതെ, ദേശീയ വാട്ടർഷെഡ്ഡ് പദ്ധതി പ്രകാരവും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഹരിതസംഘങ്ങൾ രൂപീകരിച്ച് പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ എന്നിവരും പദ്ധതിയുടെ ഭാഗമായി പച്ചക്കറിത്തോട്ടങ്ങൾ സംഘടിപ്പിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) 1997-98 ൽ 452 ലക്ഷം രൂപയും 1998-99-ൽ 562.5 ലക്ഷം രൂപയും ചെലവഴിച്ചു. 1999-2000 ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ ഏഴുകോടി രൂപ വകയിരുത്തിയിട്ടുണ്ട്.

101 (2663) പച്ചക്കറി സംഭരണം

ശ്രീ. കെ. ബാബു :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി വികസനത്തിനും സമഗ്ര വാഴക്കൃഷി വികസനത്തിനുമായി ത്രിതല പഞ്ചായത്തുകൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം 1999 മാർച്ച് 31 വരെ എന്തു തുക ചെലവഴിച്ചു;

(ബി) ഈ കാലയളവിൽ എന്ത് തുകയ്ക്കുള്ള പച്ചക്കറിയും വാഴക്കുലയും ഉൽപ്പാദിപ്പിച്ചു;

(സി) ഇവ സംഭരിക്കുവാനും വിൽക്കുവാനും ഉണ്ടാക്കിയ സംവിധാനങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) ഈ സാമ്പത്തികവർഷം ഇവയുടെ സമഗ്ര വികസനത്തിന് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) ഈ വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

102 (2664) വളം നിർമ്മാണം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചിലവളങ്ങളും കൂട്ടുവളങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് എന്തെങ്കിലും പ്രോത്സാഹനം നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രോത്സാഹനങ്ങളാണ് ഈ ഇനത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി നൽകുന്നത്;

(സി) ഇതിലേയ്ക്കായി ഓരോ വർഷവും നീക്കിവച്ച തുക എത്ര; ചെലവഴിച്ച തുക എത്ര എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പച്ചിലവളം നിർമ്മിക്കുന്നതിനായി പ്രോത്സാഹനവും സ്റ്റാൻഡേർഡ് കൂട്ടുവളങ്ങൾ നിർമ്മിക്കുന്നതിനു ലൈസൻസും നൽകിവരുന്നുണ്ട്.

(ബി) പഞ്ചായത്ത് തലത്തിൽ കംപോസ്റ്റ് നിർമ്മാണം, പച്ചിലവള വിത്ത് വിതരണം എന്നീ ഘടകങ്ങളാണ് പച്ചില വളങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്നത് കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ പച്ചിലവള വിത്ത് വിതരണം ചെയ്തതിന്റെ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

1994-95 - 602 ടൺ

1995-96 - 294.5 ടൺ

1996-97 - 341 ടൺ

1997-98 - 300 ടൺ

1998-99 - 100 ടൺ

ഈ വർഷം പച്ചിലവള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 60 ചർച്ചാ ക്ലാസും 256 കാമ്പയിനുകളും നടത്തുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) വർഷം :	നീക്കിവച്ച തുക ലക്ഷം രൂപ	ചെലവഴിച്ച തുക ലക്ഷം രൂപ
1994-95	21.75	18.40
1995-96	11.05	9.16
1996-97	19.90	11.3
1997-98	30.00	30.00
1998-99	10.00	10.00

103 (2665) ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് സർക്കാർ സഹായം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 1997-98, 1998-99 വർഷങ്ങളിൽ ഇതിനായി എന്തു തുക വകയിരുത്തിയിരുന്നു;

(സി) ഇതിൽ എന്തു തുക ചെലവാക്കി എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly